Editor **T.K. Ubaid** Executive Editor **P.A. Nazimudeen**
Sub Editor **Mehd Maqbool**
Layout & Graphics **Salim geeroad**
Technical Support **Fahis Ali** Cover **Alifsha**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation 0495 2732555 Manager 0495 2730073
e-mail **managerprabodhanamclt@gmail.com**

# മലർവാടി
**കുട്ടികളുടെ ദ്വൈവാരിക**
2017 ഡിസംബർ 16, പുസ്തകം 38, ലക്കം 04

## മലർമൊഴി



**"ആത്മാവ് നഷ്ടപ്പെട്ടിട്ട് ഈ ലോകം മുഴുവൻ നേടിയിട്ട് എന്ത് കാര്യം."**
**(ബൈബിൾ)**

ആത്മാവ് എന്ന വാക്കിന് നമ്മുടെ ഭാഷയിൽ പല അർഥങ്ങളുണ്ട്. മതഗ്രന്ഥങ്ങളിലാണ് ആത്മാവ് എന്ന വാക്ക് കാണപ്പെടുന്നത്. ദൈവം കളിമണ്ണിൽ ദിവ്യചൈതന്യം ഊതിയാണ് ആദ്യ മനുഷ്യനെ സൃഷ്ടിച്ചത് എന്ന് ഖുർആനിൽ പറയുന്നുണ്ട്. കളിമണ്ണ് ഭൗതികതയേയും ദൈവചൈതന്യം ആത്മാവിനെയും സൂചിപ്പിക്കുന്നു. ധാർമ്മികത, സാത്വികത, എന്നിവയെല്ലാം ഉൾച്ചേർന്ന മനുഷ്യന്റെ വ്യക്തിസത്തയാണ് ആത്മാവ്, ഇതിനെ തന്നെയാണ് സാമാന്യഭാഷയിൽ മനുഷ്യത്വം എന്നു വിളിക്കപ്പെടുന്നത്.

ദൈവം മനുഷ്യനു മാത്രം നൽകിയിട്ടുള്ള മഹത്തായ അനുഗ്രഹമാണിത്. ദൈവവിചാരവും ധാർമികതയും സത്യസന്ധതയും സമസൃഷ്ടി സ്നേഹവും നഷ്ടപ്പെടുകയാണ് ആത്മാവിന്റെയും മനുഷ്യത്വത്തിന്റെയും നഷ്ടം. മനുഷ്യൻ മനുഷ്യത്വം നഷ്ടപ്പെടുത്തിയാൽ പിന്നെ അവൻ മനുഷ്യനല്ല; വെറുമൊരു ജന്തുവാണ്. പട്ടിയും പൂച്ചയും കുറെ സ്വർണ്ണവും വെള്ളിയും; ശേഖരിച്ചുവെച്ചാൽ അവയ്ക്ക്

# ഡോൾഫിനും വവ്വാലും

ഇരയുടെ സാന്നിധ്യമറിയാനും തടസ്സങ്ങൾ ഒഴിവാക്കി സഞ്ചരിക്കാനും ശബ്ദ തരംഗങ്ങൾ ഉപയോഗിക്കുന്ന ജീവികളാണ് ഡോൾഫിനും വവ്വാലും.



ഒരു പ്രയോജനവുമില്ല. ലോകത്തിനുമില്ല ഒരു പ്രയോജനവും. മനുഷ്യൻ എന്തു നേടുന്നതും മനുഷ്യത്വം കാത്തുസൂക്ഷിച്ചുകൊണ്ടായിരിക്കണമെന്നാണ് യേശു മിശിഹ നമ്മെ ഉണർത്തുന്നത്.

സ്വാർഥതയും ആർത്തിയും നിറഞ്ഞ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. പുതിയ വ്യക്തികളെ പരിഗണിക്കേണ്ടി വരുമ്പോൾ പലരും ആദ്യം ചിന്തിക്കുന്നത് ഇയാൾക്ക് എത്ര പണമുണ്ട്, ഇയാളുടെ പദവികൾ എന്തൊക്കെയാണ് എന്നാണ്. ഇയാൾ സത്യസന്ധനാണോ, ധാർമ്മിക മൂല്യങ്ങൾ പാലിക്കുന്നവനാണോ എന്നതൊന്നും പ്രസക്തമാകുന്നില്ല.

വാസ്തവത്തിൽ പണത്തെക്കാളും പദവിയെക്കാളും ജീവിതത്തിലെ ഉയർന്ന മാനദണ്ഡം ഒരുവൻ അവനോട് തന്നെ പുലർത്തുന്ന സത്യസന്ധതയാണെന്ന് കാണാം. അതുകൊണ്ടാണ് മഹാത്മാഗാന്ധി ഒരിക്കൽ പറഞ്ഞത്, ''ആത്മാവിന് നാശം സംഭവിക്കുന്നതിനെക്കാൾ ഞാൻ ഇഷ്ടപ്പെടുന്നത് ശരീരത്തിന്റെ നാശം ആയിരിക്കും'' എന്ന്.

ഭൗതിക ലാഭങ്ങൾക്കുവേണ്ടി ആത്മാവിന്റെ പരിശുദ്ധി ഗാന്ധിജി ഒരിക്കലും കൈവിട്ടില്ല. ഇന്ത്യൻ സ്വാതന്ത്ര്യസമരം അദ്ദേഹത്തിന്റെ മുൻകൈയിലായിരുന്നെങ്കിലും സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ ഭരണനേതൃത്വം അദ്ദേഹത്തിന്റെ ചിന്തയിലേക്ക് കടന്നുവന്നതുപോലുമില്ല. ജവഹർലാൽ നെഹ്റു ആദ്യത്തെ പ്രധാനമന്ത്രിയായി പ്രതിജ്ഞ ചെയ്യുമ്പോൾ അദ്ദേഹം കൽക്കത്ത തെരുവിൽ കലാപഭൂമിയിൽ പാവപ്പെട്ടവർക്കൊപ്പമായിരുന്നു.

ഗാന്ധിജി ജീവിതത്തിൽ പിന്തുടർന്ന ധീരവും സത്യസന്ധവുമായ നിലപാടുകൾകൊണ്ട് ഭീരുക്കളായ ശത്രുക്കൾ അദ്ദേഹത്തെ വെടിവെച്ചുവീഴ്ത്തി. ഈ ലോകം നിലനിൽക്കുന്ന കാലം വരെ ആത്മശുദ്ധിയുടെ പര്യായമായി ജ്വലിച്ചുനിൽക്കുന്ന നാമധേയമാണ് മഹാത്മാഗാന്ധി. എന്നാൽ നമ്മെ ഭരിക്കുന്ന കുഞ്ചികസ്ഥാനങ്ങളിലിരിക്കുന്ന നേതാക്കന്മാരെ നിങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ടോ? ഈ ലോകത്തിന്റെ സൗഭാഗ്യങ്ങൾ നേടിയെടുക്കാൻ അവർ എന്തെല്ലാം കുതന്ത്രങ്ങൾ പ്രയോഗിക്കുന്നു! ഒരു ദിവസം എത്ര പ്രാവശ്യം തങ്ങളുടെ വാക്കുകൾ ടെലിവിഷനിലും പത്രങ്ങളിലും മാറ്റിപ്പറയുന്നു!

സ്വന്തം ആത്മാവു നഷ്ടപ്പെട്ട അവസരവാദികൾക്ക് യഥാർത്ഥത്തിൽ നഷ്ടപ്പെടുന്നത് അവരെ തന്നെയായിരിക്കും. അതായത്, സ്വന്തം വ്യക്തിത്വമോ സ്വന്തം ആശയങ്ങളോ ഇല്ലാത്ത വെറും പരാന്ന ജീവികളായിത്തീരുന്നു അവർ. അവരെപ്പോലുള്ളവർ ഇക്കാലത്ത് അവരുടെ സങ്കൽപ്പത്തിലുള്ള ജീവിതവിജയം നേടിയവരായി കാണുന്നത് ഇത്തരക്കാരെ തന്നെയായിരിക്കും.

സൂഫി കവിയായിരുന്ന ഫരീദുദ്ദീൻ അത്താറിന്റെ ഒരു കഥയിൽ മരണത്തിന്റെ മാലാഖ എത്തുമ്പോൾ കുറ്റൻ സമ്പാദ്യം മുഴുവൻ വാഗ്ദാനം ചെയ്ത് ഒരു മിനിറ്റെങ്കിലും ജീവിതം നീട്ടിത്തരാൻ കെഞ്ചുന്ന ഒരു ധനികന്റെ കഥയുണ്ട്. ആ ധനികനെപോലെ സ്വന്തം ആത്മാവിന്റെ വിശുദ്ധി നഷ്ടപ്പെടുത്തി ലോകത്തിലെ ഭൗതിക വസ്തുക്കൾ നേടിയവർ ഒടുവിൽ ദുഃഖിക്കാതിരിക്കില്ല.

✦

**പി.എ.എൻ**